# പെരുമാറ്റത്തിലെ സൗമ്യത

സി.എം റഫീഖ് കോക്കൂർ

عَنْ عَائِشَةَ (ر) قَالَتْ : قَالَ لِي النَّبِيُّ ﷺ إِنَّ اللهَ يُحِبُّ الرِّفْقَ فِي الْأَمْرِ كُلِّهِ

**ആഇശ(റ)യിൽ നിന്ന് നിവേദനം: നബി(സ) എന്നോട് പറഞ്ഞു: അല്ലാഹു എല്ലാ സംഗതികളിലും സൗമ്യത ഇഷ്ടപ്പെടുന്നു (ബുഖാരി)**

**മാന്യമായ** സമീപനം, കാരുണ്യ വായ്പോടെയുള്ള പെരുമാറ്റം, സൗമ്യ ശീലം തുടങ്ങിയ ആശയങ്ങൾ അടങ്ങിയ പദമാണ് ഈ ഹദീസിലെ 'രിഫ്ഖ്'. കൂട്ടുകാരന് അറബിയിൽ റഫീഖ് എന്ന് പറയും. ഇസ്‌ലാം മനുഷ്യജീവിതത്തിൽ നിലനിർത്താൻ ഉദ്ദേശിക്കുന്ന സുപ്രധാനമായൊരു ഗുണമാണിത്. സാമൂഹിക ജീവിതത്തിൽ ഇതിന്റെ പ്രാധാന്യം വളരെ വലുതാണ്. പരസ്പരമുള്ള പെരുമാറ്റ മര്യാദകളിൽ ഒഴിച്ചുകൂടാനാകാത്തതാണീ ഗുണം. കരുണയുള്ളവരും സൗമ്യശീലരുമായവരെ ഏവരും ഇഷ്ടപ്പെടുന്നു. അവരുടെ സാമീപ്യം ആഗ്രഹിക്കുന്നു. അവരുമായി ഇടപെടുന്നത്, സംസാരിക്കുന്നത് ഒക്കെ സംതൃപ്തിയും സന്തോഷവും നൽകുന്ന അനുഭവമാണ്.

എന്നാൽ ഈ ഗുണം നഷ്ടപ്പെട്ടവരിൽ പരുഷതയും കാർക്കശ്യവുമാണുണ്ടാവുക. പരുഷ സ്വഭാവികളെ ആരും ഇഷ്ടപ്പെടുന്നില്ല. അവരിലേക്കാളുകൾ അടുക്കുകയല്ല, അവരിൽനിന്ന് അകലുകയാണ് ചെയ്യുക. നബി(സ)യെക്കുറിച്ച് പോലും ഖുർആനിൽ അല്ലാഹു പറഞ്ഞത് നോക്കുക: "താങ്കൾ കഠിന ഹൃദയനും പരുഷ സ്വഭാവിയുമായിരുന്നെങ്കിൽ, ജനങ്ങൾ താങ്കളിൽ നിന്നകന്ന് പോകുമായിരുന്നു."

പ്രവാചകൻ മറ്റൊരിക്കൽ പറഞ്ഞു: "ഏതൊരുവന് സൗമ്യ സ്വഭാവം നഷ്ടപ്പെടുന്നുവോ അവന് എല്ലാ നന്മയും നഷ്ടപ്പെട്ടു" (ബുഖാരി).

സൗമ്യശീലമില്ലാത്തവന്, മറ്റെന്ത് നന്മകളുണ്ടായാലും ഇതിന്റെ അഭാവത്തിൽ അവയത്രയും ജനങ്ങളിൽ സ്വാധീനം ചെലുത്താനാകാതെ നിഷ്ഫലമായിപ്പോകുന്നു. ഫലത്തിൽ ഒരു നന്മയുമില്ലാത്തവനായി അവൻ വിലയിരുത്തപ്പെടുകയും ചെയ്യുന്നു. സൗമ്യശീലം ജീവിതത്തിലുടനീളം സ്വാധീനക്കേണ്ടതും പ്രതിഫലിക്കേണ്ടതുമാണ്. നോക്കിലും വാക്കിലും പ്രവൃത്തിയിലുമെല്ലാം ആ ഗുണം ഉണ്ടാവണം.

ചില കാര്യങ്ങളിൽ ചിലരോട് സൗമ്യതയിൽ വർത്തിക്കുകയും മറ്റു ചില കാര്യങ്ങളിൽ പലരോടും പരുഷമായി പെരുമാറുകയും ചെയ്യുന്ന സ്വഭാവവും ഒഴിവാക്കേണ്ടതാണ്. സമൂഹ മധ്യത്തിൽ സൗമ്യമായി പെരുമാറുന്ന പലരും കുടുംബത്തിലേക്ക് വരുമ്പോൾ പരുഷ സ്വഭാവിയായി മാറുന്നു. തൊഴിലാളികൾ, കീഴുദ്യോഗസ്ഥർ, കുട്ടികൾ, ഭാര്യമാർ, തനിക്ക് താഴെ ജോലി ചെയ്യുന്നവർ എന്നിവരോടൊക്കെ പരുഷമായി പെരുമാറുന്നവരെയും കാണാം. അത്തരം സമീപന രീതികൾ നിർബന്ധമായും വർജിക്കണമെന്നാണ് ഈ നബിവചനത്തിന്റെ താൽപര്യം. ■